# കേരളത്തിൽ അരിയുടെ മരണമണി !

## അരിയാഹാരം കഴിക്കുന്ന മലയാളിയും സംസ്ഥാന വികസനകുതിപ്പും കേരള നെൽകർഷക പ്രതിസന്ധിയും

**നെൽകൃഷിയെ സംബന്ധിച്ച കർഷക വിദഗ്ദ്ധ സമിതി റിപ്പോർട്ട്**

**2023 ആഗസ്റ്റ് 17 (ചിങ്ങം 1)**

# നെൽകൃഷി വിദഗ്ദ്ധസമിതി റിപ്പോർട്ട്

കാർഷിക കേരളത്തിലെ ഏറ്റവും വരുമാനം കുറഞ്ഞ കൃഷിയും, രാഷ്ട്രീയക്കാരടക്കമുള്ള മുഴുവൻ സംഘടിത ശക്തികളാലും അവഗണിക്കപ്പെട്ട ദരിദ്രകർഷകരുടെ കൃഷിയും, എന്നാൽ ഊണുമേശയിൽ ഒരു നേരമെങ്കിലും മലയാളിക്ക് അത്യാവശ്യവുമായ "അരി" കനത്ത നഷ്ടം സഹിച്ചും മലയാളിക്കു നൽകുന്ന നെൽകർഷകരുടെ തൽസ്ഥിതിയെ സംബന്ധിച്ച വിദഗ്ദ്ധ പഠന റിപ്പോർട്ടാണിത്. നെൽകർഷകർ നേരിടുന്ന പ്രതിസന്ധികളെ സംബന്ധിച്ച് പഠിക്കാൻ രാഷട്രീയ കിസൻ മഹാ സംഘ് അടക്കമുള്ള "കേരളത്തിലെ സ്വതന്ത്ര കർഷക സംഘടനകളുടെ കൂട്ടായ്മ" പാലായിലെ സെന്റർ ഫോർ കൺസ്യൂമർ എഡ്യുക്കേഷനെയും സേവ് വെസ്റ്റേൺ ഗാട്ട്സ് പീപ്പിൾ ഫൗണ്ടേഷൻ റിസർച്ച് വിഭാഗത്തെയും ചുമതലപ്പെടുത്തിയിരുന്നു. ശ്രീ. ജയിംസ് വടക്കന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി തയ്യാറാക്കിയ റിപ്പോർട്ട് നെൽകർഷകർക്കു വേണ്ടി കേരള ജനസമൂഹത്തിനു മുന്നിൽ സമർപ്പിക്കുന്നു. ഈ കൈപുസ്തകത്തിന്റെ അച്ചടിചിലവ് ഏറ്റെടുത്ത "കുട്ടനാട്ടുകാരുടെ തങ്കച്ചൻസാറിന്റെ" (പി.റ്റി. ജോസഫ് കൊല്ലംപറമ്പിൽ) കുടുംബാംഗങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

കോഴിക്കോട്
17.08.2023

ജോയി കണ്ണംചിറ (ട്രസ്റ്റി)
സേവ് വെസ്റ്റേൺ ഗാട്ട്സ് പീപ്പിൾ ഫൗണ്ടേഷൻ

## സമർപ്പണം

**ഈ കൈപുസ്തകം തങ്കച്ചൻസാറിന് സമർപ്പിക്കുന്നു**



പി. റ്റി. ജോസഫ്

## ഇനിയില്ല കുട്ടനാട്ടുകാരുടെ തങ്കച്ചൻ സാർ

കുട്ടനാട് ● അധ്യാപകൻ, കർഷകൻ, സംഘാടകൻ തുടങ്ങിയ വിവിധ മേഖലയിൽ വ്യക്തി മുദ്ര പതിപ്പിച്ച തായങ്കരി കൊല്ലംപറമ്പിൽ പി.ടി.ജോസഫ് (തങ്കച്ചൻ സാർ-94) ഓർമയായി.

ചേന്നങ്കരി ദേവമാതാ ഹൈസ്കൂൾ സ്ഥാപിച്ചതു മുതൽ 2 പതിറ്റാണ്ടോളം ഹെഡ്മാസ്റ്റർ പദവി അലങ്കരിച്ചു. തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ്സ് കോളജിൽ ഡിഗ്രി പഠിക്കുമ്പോൾ മുൻ രാഷ്ട്രപതി എ.പി.ജെ.അബ്ദുൽ കലാമിന്റെ സീനിയറായിരുന്നു.

പഠനം പൂർത്തിയാക്കി 20-ാം വയസ്സിൽ എടത്വ സെന്റ് അലോഷ്യസ് സ്കൂളിൽ അധ്യാപകനായിട്ടായിരുന്നു ഔദ്യോഗിക ജീവിതം ആരംഭിച്ചത്. തന്നോടൊപ്പം പഠിച്ചിരുന്ന സഹപാഠികളുടെ അധ്യാപകനായി സേവനം അനുഷ്ഠിക്കാൻ അവസരവും ലഭിച്ചു. തുടർന്നു ചമ്പക്കുളം സെന്റ് മേരീസ് ഹൈസ്കൂൾ അധ്യാപകനുമായിരുന്നു.

അറുപതുകളുടെ തുടക്കം മുതൽ 1984 വരെ ചേന്നങ്കരി ദേവമാതാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു. സ്കൂളിന്റെ കെട്ടിട നിർമാണം അടക്കമുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ സാധിച്ചു.

ഔദ്യോഗിക ജീവിതത്തിനുശേഷം മുഴുവൻ സമയ കർഷകനും വിവിധ സംഘടനകളുടെ സാരഥ്യം വഹിച്ചു. തായങ്കരി റോഡ് നിർമാണത്തിനു മുഖ്യ പങ്കുവഹിച്ചു.

ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, പാസ്റ്ററൽ കൗൺസിൽ എജ്യുക്കേഷൻ കമ്മിഷൻ അംഗം, കേരള പ്രൈവറ്റ് സെക്കൻഡറി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ (കെപിഎസ്എച്ച്എ) സംസ്ഥാന വൈസ് പ്രസിഡന്റ്, ജില്ലാ സെക്രട്ടറി, കൊല്ലംപറമ്പിൽ കുടുംബയോഗം പ്രസിഡന്റ്, കുട്ടനാട് സിറ്റിസൻസ് ഫോറം ജനറൽ സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചു. ആലപ്പുഴയിൽ നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ മുഖ്യ സംഘാടകനായിരുന്നു. പ്രമുഖ വള്ളംകളി കമന്റേറ്റർ ജോ ജോസഫ് തായങ്കരി മകനാണ്.

മലയാള മനോരമ (9.4.2023)

(For Private Circulation only)  Printed at St. Alphonsa Offset Press, Pala

# പാർട്ട് –1

# ആമുഖം

കർഷകരിൽനിന്നും സംഭരിച്ച നെല്ലിനു വില നൽകാത്ത സംസ്ഥാന സർക്കാർ അനാസ്ഥയെപ്പറ്റിയുള്ള പത്രവാർത്തകൾ വായിക്കുമ്പോൾ ഒരു സംശയം. സംസ്ഥാനത്തു നടക്കുന്ന ഭരണപരവും രാഷ്ട്രീയവുമായ സംഭവങ്ങളൊന്നും സാക്ഷരതയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിലെ മന്ത്രിമാരും രാഷ്ട്രീയ നേതാക്കളും ജനപ്രതിനിധികളും ഉദ്യോഗസ്ഥ നേതൃത്വവും ഒന്നും അറിയുന്നില്ലേ? മന്ത്രിമന്ദിരങ്ങളിലും സർക്കാർ ഓഫീസുകളിലും എത്തുന്ന മലയാള ഭാഷയിലെ പത്രങ്ങൾ ഇവർ വായിക്കാറില്ലേ? അരിയാഹാരം കഴിക്കുന്ന മലയാളിമന്ത്രിമാരും മലയാളി ഐഎഎസ് ഉദ്യോഗസ്ഥരും കേരളത്തിൽ എന്താണ് സംഭവിക്കുന്നതെന്ന് പത്രത്തിലൂടെയെങ്കിലും അറിയുന്നില്ലേ? സ്വന്തം വകുപ്പിൽ എന്താണ് സംഭവിക്കുന്നതെന്നറിയാത്തവരാണോ കൃഷിമന്ത്രിയും ഭക്ഷ്യമന്ത്രിയും മുഖ്യമന്ത്രിയും സഹകരണമന്ത്രിയും ധനകാര്യമന്ത്രിയും?

കർഷകരിൽനിന്നും സംഭരിച്ച നെല്ലു കുത്തി അരിയാക്കി രൊക്കം വിലയ്ക്ക് അരി നാട്ടുകാർക്കു നൽകി ആ പണം പെട്ടിയിലാക്കിയിട്ടും നെൽകർഷകർക്കു സംഭരിച്ച നെല്ലിന്റെ പണം നൽകാത്തവരെ മലയാളത്തിലെ ഏതു വാക്കുപയോഗിച്ചാണ് അഭിസംബോധന ചെയ്യേണ്ടത്?

## പത്രവാർത്തകളിലെ വൈരുദ്ധ്യങ്ങൾ

തങ്ങൾക്ക് ഹിതകരമല്ലാത്തതൊക്കെ വ്യാജവാർത്തയാണെന്നു തീരുമാനിച്ചു കേസെടുക്കുന്ന കേരളത്തിൽ താഴെ കൊടുത്തിരിക്കുന്ന വാർത്തകൾ ഏതു ഗണത്തിൽപ്പെടുത്തണം?

നമുക്ക് ആ വാർത്തകൾ ഒന്നു വായിച്ചുനോക്കാം.

- ഭരിക്കുന്നോരേ, സംഭരിക്കണം നെല്ല്. ഒരുലക്ഷം ടൺ നെല്ല് നാശത്തിലേക്ക് (19/10/2022)
- നെല്ലു സംഭരണം - തടസ്സം നീക്കാൻ ചീഫ് സെക്രട്ടറിതല ചർച്ച - മന്ത്രിസഭായോഗ നിർദ്ദേശം (20/10/2022)
- മില്ലുടമകൾ നിസ്സഹകരണം അവസാനിപ്പിച്ചു. നെല്ലു സംഭരണം ഇന്നു മുതൽ (21/10/22)
- നെല്ലു സംഭരണം വിദഗ്ദ്ധ സമിതി പ്രവർത്തനം തുടങ്ങി. കുറ്റമറ്റതാക്കാനുള്ള നിർദ്ദേശങ്ങൾ സർക്കാരിനു നൽകും. മുൻ ഐ.എ.എസ് ഉദ്യോഗസ്ഥൻ വി.കെ. ബേബി ചെയർമാൻ (31/1/2023)

- വായ്പയിൽ അനിശ്ചിതാവസ്ഥ, നെല്ലുവില കുടിശിഖ 795.94 കോടി രൂപ. (20/4/2023)
- നെല്ലിനു വില നൽകാൻ സ്വന്തം പണമെടുത്ത് സപ്ലൈക്കോ (21/4/2023)
- സംഭരിച്ച നെല്ലിന്റെ പണമെവിടെ സർക്കാരെ? തർക്കം പാടത്ത്, നെല്ല് നശിക്കുന്നു (27/4/2023)
- നെല്ലെടുപ്പിലെ പ്രശ്നം ആസൂത്രണമില്ലായ്മ (30/4/2023)
- സംഭരിച്ച നെല്ലിന്റെ പണം നൽകാതെ സർക്കാർ, കർഷകർ കടത്തിൽ (30/4/2023)
- നെല്ലിന്റെ പണം സപ്ലൈക്കോ നൽകുന്നില്ല. രാഷ്ട്രീയം മറന്ന് സമരത്തിനു കർഷകർ (4/5/2023)
- സംഭരിച്ച നെല്ലിന്റെ പണം കിട്ടിയില്ല, കോട്ടയം സപ്ലൈക്കോ ഓഫീസ് കർഷകർ ഉപരോധിച്ചു (6/5/2023)
- കർഷകർക്കു കൊടുക്കാനുള്ളത് 84.52 കോടി. നെല്ലിന്റെ പണം എന്നു നൽകും? സപ്ലൈക്കോയ്ക്ക് മിണ്ടാട്ടമില്ല. (7/5/2023)
- നഷ്ടം വരമ്പത്ത്, പുഞ്ചകൃഷിയിൽ പ്രതീക്ഷച്ച വിളവില്ല. നെല്ലുവില ഒരാഴ്ചക്കകം നൽകുമെന്ന് മന്ത്രി അനിൽ (9/5/2023)
- നെല്ലെടുപ്പിന് കേരള ബാങ്ക് പുതിയ വായ്പ അനുവദിക്കില്ല (16/5/2023)
- മന്ത്രിയുടെ ഉറപ്പും പതിരായി; നെല്ലിന്റെ പണം കിട്ടിയില്ല. കർഷകർക്ക് സപ്ലൈക്കോ നൽകാനുള്ളത് 96.42 കോടി രൂപ (18/5/2023)
- കടം കയറി സപ്ലൈക്കോ, കിട്ടാനുള്ളത് 3000 കോടി, കർഷകർക്കു നൽകാൻ വായ്പയെടുത്ത 3000 കോടി വേറെ ബാധ്യത. സർക്കാരിൽനിന്നും കിട്ടാനുള്ളത് 3000 കോടി (19/5/2023)
- നെല്ലു സംഭരണം കുടിശ്ശിഖ 1100 കോടി (23/5/2023)
- നെല്ലു സംഭരണ പദ്ധതിയിൽനിന്നും സപ്ലൈക്കോ ഒഴിവാക്കി, ആരോപണവുമായി കേരള ബാങ്ക് (26/5/2023)
- നെല്ലുവില കാനറാ ബാങ്കിലൂടെ മാത്രം. പണം കിട്ടാതെ നട്ടം തിരിഞ്ഞ് കർഷകർ. ധനകാര്യ സെക്രട്ടറി ബാങ്കുമേധാവികളെ കാണും (27/5/2023)
- നെല്ലു സംഭരണം കുടിശിഖ വിതരണം ഇന്നു മുതൽ (29/5/2023)

- സംഭരിച്ച നെല്ലിന്റെ വില അടിയന്തിരമായി നൽകണം: മാർ ജോസഫ് പെരുന്തോട്ടം (31/5/2023)
- നെല്ലു സംഭരണം ഇന്നുമുതൽ, കർഷകർക്ക് 280 കോടി രൂപാ വിതരണം ചെയ്യും. (31/5/2023)
- നെല്ലു സംഭരണം, വില വിതരണം തുടങ്ങിയില്ല (1/6/2023)
- നെൽ കർഷകരോട് വാക്കുപാലിക്കാതെ സർക്കാർ – കടം ബാക്കി – 557 കോടി – ബാങ്ക് കൂട്ടായ്മ വഴിയുള്ള വായ്പ വിതരണത്തിലും അനിശ്ചിതത്വം. നെട്ടോട്ടം രണ്ടു തരം – ബാങ്ക് വിളിച്ചാൽ വിളിച്ചു – ആ അക്കൗണ്ട് പോരാ (7/6/2023)
- നെൽകൃഷിയുടെ അന്ത്യനാളുകളോ? ദീപിക എഡിറ്റോറിയൽ (8/6/2023)
- കേന്ദ്രം നെല്ലിന്റെ താങ്ങുവില കൂട്ടി. കേരളത്തിൽ ഉറപ്പില്ല. ഇപ്പോഴെ മാന്യമായ വിലയെന്ന് മന്ത്രി അനിൽ (8/6/2023)
- സംഭരിച്ച നെല്ലിന് നൽകാനുള്ളത് 850 കോടി രൂപാ. പണം കിട്ടാതെ ദുരിതത്തിലായത് 70,000 കുടുംബങ്ങൾ – വിളഞ്ഞതെല്ലാം 'വായ്പ.' പറഞ്ഞതെല്ലാം 'പതിര്'. സംഭരണത്തിലും അഴിമതി (8/6/2023)
- അന്നം തരുന്നവരുടെ അന്നം മുട്ടിക്കരുത്. മാതൃഭൂമി എഡിറ്റോറിയൽ (9/6/2023)
- നെൽകൃഷി ചെലവു കൂടി, വരവു കുറഞ്ഞു (10/6/2023)
- നെല്ല് സംഭരണം. കുടിശിഖ പ്രശ്നത്തിൽ ശിപാർശ സമർപ്പിക്കാൻ മന്ത്രിസഭാ ഉപസമിതി (28/6/2023)
- കർഷകനു വേണ്ടത് ഉപസമിതിയല്ല നെല്ലിന്റെ വില (29/6/2023)
- നെല്ലു സംഭരണം ഭക്ഷ്യവകുപ്പ് പ്രതിക്കൂട്ടിൽ. കുടിശിഖ വിതരണം അട്ടിമറിച്ചത് ഭക്ഷ്യവകുപ്പെന്ന് മന്ത്രിമാർ. (29/6/2023)
- നെൽക്കർഷകർക്കു കുടിശിഖ നൽകാൻ 450 കോടി വായ്പ എടുക്കും. നൽകുക മെയ് 15–നു ശേഷം സംഭരിച്ച നെല്ലിന്റെ വില, (30/6/2023)

ഇതൊക്കെ വായിക്കുന്ന മന്ത്രിമാർക്കും ഉദ്യോഗസ്ഥ നേതൃത്വത്തിനും "കേരളത്തിൽ എന്താണ് സംഭവിക്കുന്നതെന്നു" സ്വയം ചിന്തിക്കാനായിട്ടാണ് ഈ വാർത്തകൾ, ദിവസക്രമത്തിൽ എഴുതിയത്.

വിശദാംശങ്ങളിലേക്കു കടക്കുന്നതിനു മുൻപ് ചില സംശയങ്ങൾ. 19/10/2022–ലെ മന്ത്രിസഭായോഗ നിശ്ചയ പ്രകാരം നെൽവിഷയം

പഠിക്കാൻ നിയോഗിച്ച ചീഫ് സെക്രട്ടറിതല ചർച്ചയിൽ എന്തു തീരുമാനമുണ്ടായി? അതൊക്കെ നടപ്പിലാക്കിയോ? 30/1/2023-ലെ മന്ത്രിസഭാ തീരുമാനപ്രകാരം രൂപീകരിച്ച ഡോ. വി.കെ. ബേബി ഐ.എ.എസ് അദ്ധ്യക്ഷനായ നെല്ലു സംഭരണ വിദഗ്ദ്ധ സമിതി നിർദ്ദേശങ്ങൾ സമർപ്പിച്ചോ? നെല്ലു സംഭരണവുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുമായും സമിതി ആശയവിനിമയം നടത്തിയോ? കാലാകാലങ്ങളായി നെല്ലു സംഭരണത്തിനു സർക്കാർ സ്വീകരിച്ച നടപടിക്രമങ്ങൾ പഠന വിധേയമാക്കി സമഗ്ര റിപ്പോർട്ട് 6 മാസം കഴിഞ്ഞിട്ടും തയാറാക്കിയോ?

27/6/2023-ലെ മന്ത്രിസഭാ തീരുമാനപ്രകാരം നെല്ലു സംഭരണ പ്രതിസന്ധി വിഷയം പഠിക്കാൻ മന്ത്രിസഭ നിർദ്ദേശിച്ച ധനമന്ത്രി, ഭക്ഷ്യ മന്ത്രി, കൃഷിമന്ത്രി, സഹകരണ മന്ത്രി , വൈദ്യുതി മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ 28/6/2023-ൽ കൂടിയ മീറ്റിംഗിനെ സംബന്ധിച്ച പത്രവാർത്ത ഇങ്ങനെ.

## നെല്ലുസംഭരണം ഭക്ഷ്യവകുപ്പ് പ്രതിക്കൂട്ടിൽ

തിരുവനന്തപുരം: നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള പണം വകമാറ്റിയതിൽ ഭക്ഷ്യവകുപ്പിനെതിരേ പൊട്ടിത്തെറിച്ച് മന്ത്രിമാർ. ചൊവ്വാഴ്ച മന്ത്രിസഭായോഗത്തിനുശേഷം ചേർന്ന ഉപസമിതിയോഗത്തിലാണ് മന്ത്രി ജി.ആർ. അനിലിനും ഭക്ഷ്യസെക്രട്ടറിക്കുമെതിരേ മന്ത്രിമാർ തിരിഞ്ഞത്. നെല്ല് സംഭരണത്തിൽനിന്ന് കേരള ബാങ്കിനെ ഒഴിവാക്കിയതിൽ സഹകരണമന്ത്രി വി.എൻ. വാസവനും യോഗത്തിൽ ക്ഷുഭിതനായി.

(12 മുതൽ 24 മണിക്കൂർവരെ വിശ്രമമില്ലാതെ കഠിനാദ്ധ്വാനം ചെയ്ത് വരുമാനം കൊണ്ടുവന്നിട്ടും ശമ്പളം നൽകാതെ മുൻസർക്കാരുകൾ എടുത്ത വായ്പയും പലിശയും നൽകാനായി കെ.എസ്.ആർ.ടി.സി വരുമാനം വകമാറ്റുന്നതിൽ ഈ മന്ത്രിമാർക്കൊക്കെ പൊട്ടിത്തെറി ഇല്ലേ എന്ന് കെ.എസ്.ആർ.ടി. ജീവനക്കാർ).

കേരളബാങ്കിനെ ഒഴിവാക്കിയതിനെ മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയനും ചോദ്യംചെയ്തിരുന്നു. പലിശനിരക്ക് വ്യത്യാസം വരുത്തുന്നതിൽ സർക്കാരിന് സ്വാതന്ത്ര്യമുണ്ടായിരുന്നല്ലോ എന്നായിരുന്നു അദ്ദേഹത്തിന്റെ ചോദ്യം. ഈ വിഷയത്തിൽ ശാശ്വത പരിഹാരമാവശ്യമാണെന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, ജി.ആർ. അനിൽ, പി. പ്രസാദ്, വി.എൻ. വാസവൻ, കെ. കൃഷ്ണൻകുട്ടി എന്നിവരടങ്ങുന്ന ഉപസമിതിയെ നിയോഗിച്ചത്. നെല്ല് സംഭരണത്തിന് അനുവദിച്ച 2500 കോടി രൂപ ഭക്ഷ്യക്കിറ്റ് നൽകിയതിലുള്ള ബാധ്യത തീർക്കാനായി വകമാറ്റിയതാണ് ഭക്ഷ്യവകുപ്പിനെ പ്രതിക്കൂട്ടിലാക്കിയത്. കുടിശ്ശിക നൽകാത്തതിനാൽ പാലക്കാട്ടും കുട്ടനാട്ടിലും കർഷകർ കൃഷിവകുപ്പിനെതിരേ തിരിഞ്ഞെന്ന് മന്ത്രിമാർ ആരോപിച്ചു.

## തെറ്റുപറ്റിയത് കേരളബാങ്കിനോ ഭക്ഷ്യവകുപ്പിനോ?

"മേയ് 15 വരെ നെല്ല് സംഭരിച്ചതടക്കം 400 കോടിയോളം രൂപ കർഷകർക്ക് നൽകാനുണ്ട്. ഈ തുക കണ്ടെത്താൻ ഭക്ഷ്യവകുപ്പ് മറ്റു കൂടിയാലോചനകളൊന്നുമില്ലാതെ ബാങ്കുകളുടെ കൂട്ടായ്മ രൂപവത്കരിച്ചതാണ് സഹകരണമന്ത്രി വി.എൻ. വാസവനെ ചൊടിപ്പിച്ചത്."

"നേരത്തേ കേരളബാങ്ക് വഴിയാണ് കർഷകർക്ക് പണം നൽകിയിരുന്നത്. എസ്.ബി.ഐ, കാനറ, ഫെഡറൽ ബാങ്കുകളെ ഉൾപ്പെടുത്തി ഏകപക്ഷീയമായി കൂട്ടായ്മ രൂപവത്കരിച്ചതോടെ കേരള ബാങ്ക് പുറത്തായി. മറ്റൊരു ബാങ്കിനെ കൂട്ടായ്മയിൽ ഉൾപ്പെടുത്തണമെങ്കിൽ ഈ ബാങ്കുകളുടെ അനുമതി വാങ്ങണമെന്ന വ്യവസ്ഥയും വെച്ചിട്ടുണ്ടെന്നും വാസവൻ ആരോപിച്ചു."

"കേരളബാങ്കിനെക്കാൾ കുറഞ്ഞ പലിശയ്ക്ക് പണം കിട്ടുമെന്നതിനാലാണ് ബാങ്കുകളുടെ കൂട്ടായ്മയെ സമീപിച്ചതെന്നാണ് ഭക്ഷ്യവകുപ്പിന്റെ ന്യായം. 300 കോടി ഉടൻ കൈമാറുന്നതിന് ധാരണയായിട്ടുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി."

"എത്രയും വേഗം തുക കൊടുത്തുതീർക്കാൻ ബാങ്കുകളോട് ആവശ്യപ്പെടാൻ ധനസെക്രട്ടറിയെ ഉപസമിതി ചുമതലപ്പെടുത്തി. സെപ്റ്റംബറിൽ അടുത്ത സംഭരണം ആരംഭിക്കും. അതിനു രണ്ടുമാസം മുമ്പ് ആവശ്യമായ ക്രമീകരണം വരുത്താനും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി കേരളബാങ്കുമായും കരാറിൽ ഏർപ്പെടും." അരിയാഹാരം കഴിക്കുന്ന മലയാളികൾക്കൊക്കെ കാര്യങ്ങൾ കൃത്യമായും വ്യക്തമായും മനസ്സിലായി.

ഇതു വായിച്ചപ്പോൾ ഒരു സംശയം. 16/5/2023-ലെ "നെല്ലെടുപ്പിന് കേരളബാങ്ക് പുതിയ വായ്പ അനുവദിക്കില്ല" എന്ന് വാർത്ത വ്യാജവാർത്തയായിരുന്നോ? കേരളബാങ്ക് അങ്ങനെയൊരു തീരുമാനം എടുത്തിരുന്നോ? ആരാണ് വ്യാജവാർത്ത സൃഷ്ടിച്ചത്. കേരളബാങ്കോ സപ്ലൈക്കോയോ? അരിയാഹാരം കഴിക്കുന്ന മലയാളിയെ വിഡ്ഢികളാക്കുന്ന നേതാക്കളുടെ നിലപാടുകൾ ചൂണ്ടിക്കാണിക്കുന്നു എന്നു മാത്രം.

●●

## പാർട്ട് – 2

# നെല്ലു സംഭരണത്തിനു വേണ്ടത് 1577 കോടി. സഹകരണബാങ്കുകളിൽ കെട്ടിക്കിടക്കുന്നത് 31,128 കോടി രൂപാ

### നെല്ലു സംഭരിക്കാൻ പുതിയൊരു പഠനം

സംസ്ഥാനത്തെ നെല്ലുസംഭരണ നടപടിക്രമം നിരീക്ഷിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ ഏജൻസികൾ നെല്ലുസംഭരണത്തിനു സ്വീകരിച്ച നടപടിക്രമങ്ങൾ പഠനവിധേയമാക്കുന്നതിനും "നെൽവില കർഷകർക്ക് രൊക്കം നൽകുന്ന"തിനുമായി സംസ്ഥാന സർക്കാർ നിയമിച്ച ഡോ. പി.കെ. ബേബി ഐ.എ.എസ് (റിട്ട) ചെയർമാനും സപ്ലൈക്കോ മാനേജിംഗ് ഡയറക്ടറും കൃഷിവകുപ്പിന്റെ വേൾഡ് ട്രേഡ് ഓർഗനൈസേഷൻ മെമ്പർ സെക്രട്ടറിയും പാലക്കാട് തൃശൂർ ആലപ്പുഴ ജില്ലാ കളക്ടർമാർ അംഗങ്ങളുമായ സമിതി 2023 ജനുവരിയിൽ തന്നെ പ്രവർത്തനം ആരംഭിച്ചിരുന്നു. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിനിടയിലും സംഭരിച്ച നെല്ലിന്റെ വില കിട്ടാതെ കർഷകർ പെരുവഴിയിൽ.

ഈ പഠനസംഘം അവരുടെ പഠനം കേരളം കൊണ്ടു നിർത്തുമോ എന്നറിയില്ല. സാധാരണഗതിയിൽ അമേരിക്ക, ഫ്രാൻസ്, നോർവേ, ഡെൻമാർക്ക് ഒക്കെയായിരിക്കാം നെല്ലു സംഭരണ പഠനത്തിനായി തെരഞ്ഞെടുക്കുന്ന വിദേശരാജ്യങ്ങൾ. ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിനോട് ഒരപേക്ഷയുണ്ട്. അവിടെയൊന്നും വിടരുത്. അവരെ ജർമ്മനിയിലേക്ക് അയയ്ക്കണം. അവിടെ കർഷകരെ സർക്കാർ നിയന്ത്രിക്കുന്ന സഹകരണ പ്രസ്ഥാനം എങ്ങനെയാണ് കൈപിടിച്ചുയർത്തുന്നതെന്ന് നോക്കിപ്പഠിക്കണം. സാധിക്കുമെങ്കിൽ ജർമ്മൻ കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആഹാ (AHA) എന്ന ജർമ്മൻ സംവിധാനത്തെ വിശദമായി പഠിക്കണം.

### നെല്ലു സംഭരിക്കാൻ സഹകരണബാങ്കുകളിലെ പണം പോരേ?

2023 ഏപ്രിൽ അവസാനത്തെ കണക്കുകൾ പ്രകാരം 1507.8 കോടി രൂപയുടെ നെല്ലായിരുന്നു 2023 മാർച്ചുവരെ സപ്ലൈക്കോ സംഭരിച്ചത്. ഇതിൽ 802.85 കോടി രൂപാ 2023 ഏപ്രിലിൽ കർഷകർക്കു നൽകാനുണ്ടായിരുന്നു.

നെല്ലിന്റെ കേരളത്തിലെ സർക്കാർ സംഭരണ വില കിലോക്ക് 28.20 രൂപ. കേരളത്തിലെ മൊത്തം നെല്ലുൽപാദനം 559337 ടൺ. കേരളത്തിലെ മുഴുവൻ നെല്ലും സംഭരിക്കാൻ കർഷകർക്കു നൽകാനായി സംസ്ഥാനത്തിന് ഒരു വർഷം വേണ്ടത് 1577,33,03,400 രൂപ. അതായത് 1577 കോടി രൂപ മാത്രം.

കേരളത്തിൽ ഉൽപാദിപ്പിക്കുന്ന നെല്ലിന്റെ 40% സ്വകാര്യ അരിമില്ലുകാർ കൂടിയ വിലയ്ക്ക് രൊക്കം പണം നൽകി സ്വന്തമാക്കുന്നു എന്നാണ് കണക്ക്. അങ്ങനെയെങ്കിൽ നെല്ലുസംഭരണത്തിനുവേണ്ടി വരുന്നത് 946.40 കോടി രൂപ. ലഭ്യമാകുന്ന വിവരങ്ങൾ തമ്മിൽ ഒരു പൊരുത്തക്കേട്. നെല്ലുസംഭരണത്തിനായി കർഷകർക്കു നൽകേണ്ട പണമാണിത് . ഇതാ വിവിധ ജില്ലകളിലെ നെല്ലുൽപാദനത്തെ സംബന്ധിച്ച സർക്കാർ ഔദ്യോഗിക കണക്കുകൾ.

| ജില്ല | വിസ്തൃതി ഹെക്ടർ | ഉല്പാദനം റാങ്ക് | ഉദ്പാദനക്ഷമത | | | റാങ്ക് |
|---|---|---|---|---|---|---|
| | | | ടൺ | റാങ്ക് | കി.ഗ്ര/ ഹെക്ടർ | |
| തിരുവനന്തപുരം | 1835 | 11 | 4437 | 11 | 2419 | 8 |
| കൊല്ലം | 1833 | 12 | 4178 | 12 | 2279 | 9 |
| പത്തനംതിട്ട | 3524 | 9 | 8554 | 9 | 2428 | 7 |
| ആലപ്പുഴ | 36509 | 2 | 93174 | 2 | 2552 | 6 |
| കോട്ടയം | 17649 | 4 | 48657 | 4 | 2757 | 5 |
| ഇടുക്കി | 486 | 14 | 916 | 14 | 1886 | 13 |
| എറണാകുളം | 4708 | 8 | 10462 | 8 | 2222 | 10 |
| തൃശൂർ | 23613 | 3 | 72574 | 3 | 3074 | 3 |
| പാലക്കാട് | 76361 | 1 | 242975 | 1 | 3182 | 2 |
| മലപ്പുറം | 9746 | 5 | 31314 | 5 | 3213 | 1 |
| കോഴിക്കോട് | 1735 | 13 | 2406 | 13 | 1387 | 14 |
| വയനാട് | 8143 | 6 | 22807 | 6 | 2801 | 4 |
| കണ്ണൂർ | 4886 | 7 | 10783 | 7 | 2207 | 11 |
| കാസർകോഡ് | 2925 | 10 | 6098 | 10 | 2085 | 12 |
| ആകെ | 193950 | | 559337 | | 2884 | |

(അവലംബം : സാമ്പത്തിക അവലോകനം 2022 സംസ്ഥാന ആസൂത്രണബോർഡ് /Vol.2/പേജ് 56)

കേരളത്തിന്റെ അരി ആവശ്യത്തിന്റെ പത്തിലൊന്നുപോലും കൃഷിചെയ്യാൻ കേരളത്തിനു സാധിക്കുന്നില്ല എന്നതാണ് സത്യം. അങ്ങനെ നോക്കിയാൽ നെല്ലുകുത്തി അരിയാക്കിയാൽ അന്നു തന്നെ അരി വിറ്റുപോകും. ചുരുക്കത്തിൽ നെല്ലു സംഭരിച്ച് അരിയാക്കി വിറ്റ് പണം സമ്പാദിക്കുന്നതിൽ കാലതാമസമില്ല. അരിയാഹാരം നിർബന്ധമായ മലയാളമണ്ണിൽ അങ്ങനെയെങ്കിൽ അരി വിറ്റുപോകാത്തതിനാൽ നെല്ലു സംഭരിച്ച കർഷകരോട് സർക്കാരിനും സപ്ലൈക്കോയ്ക്കും കടം പറയേണ്ട സാഹചര്യമില്ല.

## കാർഷിക മൂല്യവർദ്ധനവിനെന്തുപറ്റി?

കഴിഞ്ഞ കുറെ വർഷങ്ങളായി കാർഷിക ഉത്പ്പന്നങ്ങളുടെ മൂല്യ വർദ്ധനവിനായി നൂറുകണക്കിനു പദ്ധതികളും ആയിരക്കണക്കിനു സെമിനാറുകളും ഒക്കെ സർക്കാരും നബാർഡും നടത്തിയിട്ട് എന്തേ ആരും നെല്ല് അരിയാക്കുന്ന കർഷക ഉൽപ്പാദക കമ്പനികൾ ആരംഭി ച്ചില്ല? പ്രത്യേകിച്ചും നെല്ലുത്പാദക ജില്ലകളായ പാലക്കാട്, ആലപ്പുഴ, തൃശൂർ കോട്ടയം ജില്ലകളിലെങ്കിലും.

2023 മാർച്ച് മാസത്തിൽ സംഭരിച്ച് നെല്ല് കുത്തി അരിയാക്കി അതു വിറ്റ് അതിന്റെ പണം സപ്ലൈക്കോയുടെ പണപ്പെട്ടിയിലെത്തി യിട്ടും എന്തേ സംഭരിച്ച നെല്ലിനു പണം നൽകാൻ സംസ്ഥാന സർക്കാ രിനാകുന്നില്ല?

## സർക്കാർ അവകാശവാദങ്ങൾ ആവിയാകുന്നു.

സർക്കാരിന്റെ പല അവകാശവാദങ്ങളും 'ആവി'യാകുന്ന കാഴ്ച യാണ് മിക്ക വിഷയങ്ങളിലും. അതിൽ സഹകരണം തന്നെ മുന്നിൽ. ലോകത്തിലെ ഏറ്റവും വലിയ സഹകരണ പ്രസ്ഥാനമാണ് കേരളത്തി ലേതെന്നും കർഷകരെ സഹായിക്കാനും സംരക്ഷിക്കാനുമാണ് സഹ കരണ ബാങ്കുകൾ എന്ന പേരിൽ അറിയപ്പെടാൻ ആഗ്രഹിക്കുന്ന "പ്രാദേ ശിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ എന്ന PACS ആയ സഹകരണബാങ്കുകളും എന്ന മേനിപറച്ചിലും അതിന്റെ കൂടെ ലോക ത്തിൽതന്നെ ഒരു സംസ്ഥാന സർക്കാർ സ്വന്തമായി നടത്തുന്ന "കേരള ബാങ്ക്" എന്ന വാണിജ്യബാങ്കും കേരളത്തിന്റെ താത്പര്യങ്ങൾ സംര ക്ഷിക്കും എന്ന മേനിപറച്ചിലും നെല്ലുസംഭരണത്തിൽ ആവിയായി.

ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം കേരളത്തിൽ 1644 പി.എ.സി.എസ് എന്ന സഹകരണ ബാങ്കുൾ പ്രവർത്തിക്കുന്നു. ഇവ യിൽ 1,39,461 കോടി രൂപാ നിക്ഷേപവും 1,61,961 കോടി രൂപാ പ്രവർത്ത നഫണ്ടും 1,08,333 കോടി രൂപാ വായ്പയും ഉണ്ട്. 31/3/2022-ലെ സർക്കാർ കണക്കുകളാണിവ. അങ്ങനെ നോക്കുമ്പോൾ കേരളത്തിലെ സഹകരണ ബാങ്കുകളിൽ 31,128 കോടി രൂപാ വായ്പ നൽകാനാവാതെ വെറുതെ കെട്ടിക്കിടക്കുന്നു എന്നു കാണാം.

നെല്ലു സംഭരണത്തിൽ നെൽകർഷകന് "വരമ്പത്തു തന്നെ നെല്ലിന്റെ പണം നൽകാൻ" വേണ്ടത് 1577.3 കോടി രൂപാ മാത്രം. അദാ നിയുടെ വിഴിഞ്ഞം പോർട്ടിന് 300 കോടി രൂപായുടെ അടിയന്തിര സഹായം കേരളാ ഫിനാൻഷ്യൻ കോർപറേഷനിൽനിന്നും നൽകാൻ കാണിച്ച അതിവേഗത എന്തേ "വരമ്പത്തു വില" നൽകാൻ സംസ്ഥാന സർക്കാർ കേരളബാങ്കിലൂടെ കാണിക്കുന്നില്ല? ചെറുകിട/ഇടത്തര വ്യവസായങ്ങൾക്കു ധനസഹായം ചെയ്യാനായി മാത്രം രൂപീകരിച്ച കെ. എഫ്.സി.ക്ക് എങ്ങനെ അദാനിക്ക് 300 കോടി രൂപാ നൽകാൻ സാധിച്ചു? നെൽസംഭരണത്തിനു അങ്ങനെ ചെയ്യാമായിരുന്നില്ലേ? നൽകാൻ സാധിക്കും? "പണത്തിനുമീതെ പരുന്തും പറക്കില്ല." കേരള ത്തിലെ നെൽകർഷകരെവിടെ, അദാനിയെവിടെ?

## സഹകരണമേഖലയിൽ പണം വെറുതെ കിടക്കുന്നു

നെൽകർഷകർക്കു പണം നൽകാനായി നെട്ടോട്ടം ഓടുന്ന സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ സംസ്ഥാന സഹകരണ ബാങ്കിന്റെയും കേരളത്തിലെ സഹകരണ പ്രസ്ഥാനങ്ങളുടെയും ഒഴിഞ്ഞുമാറൽ പ്രത്യേകം ശ്രദ്ധിക്കണം. കൂടെ സർക്കാർ ഉടമസ്ഥതയിലുള്ള കേരള ബാങ്കിന്റെയും, കേരളത്തിലെ 14 ജില്ലകളിൽ പ്രവർത്തിക്കുന്ന 1644 സഹകരണ ബാങ്കുകളുടെയും (പി.എ.സി.എസ്) അവരുടെ 2929 ശാഖകളും അടക്കം 4573 സഹകരണ ബാങ്കിംഗ് സംവിധാനത്തിൽ (2016ലെ കണക്ക് വി. ശ്രീരാം കമ്മിറ്റി റിപ്പോർട്ട്) 1482 എണ്ണം നെല്ലുൽപാദന ജില്ലകളായ പാലക്കാട് (279), ആലപ്പുഴ (255), തൃശൂർ (445), കോട്ടയം (503) എന്നീ ജില്ലകളിലാണ്. ഈ നാലു ജില്ലകളിലെ നിക്ഷേപം 52171 കോടി രൂപാ ആണെങ്കിൽ വായ്പ 37263 കോടി രൂപയാണ്. ഈ നാലു ജില്ലകളിൽ തന്നെ വായ്പ കൊടുക്കാനാവാതെ സഹകരണ ബാങ്കുകളിൽ കെട്ടിക്കിടക്കുന്നത് 14908 കോടി രൂപാ. നെല്ലു സംഭരണത്തിന് സംസ്ഥാനത്തൊട്ടാകെ വേണ്ടത് 1577 കോടി രൂപാ മാത്രം.

കേരളത്തിലെ 14 ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങളുടെ 2016-ലെ വിശദമായ കണക്കും 2022-ലെ സംസ്ഥാനതല കണക്കും ആ കണക്കിനെ അടിസ്ഥാനമാക്കി തയാറാക്കിയ ജില്ലാതല കണക്കുകളും (എസ്റ്റിമേഷൻ) ഇങ്ങനെ:

| ജില്ല | PACS | | | നിക്ഷേപം (കോടി) | | വായ്പ (കോടി) | |
|---|---|---|---|---|---|---|---|
| | No. | BR | ആകെ | 2016@ | 2022 | 2016 | 2022 |
| തിരുവനന്തപുരം | 119 | 184 | 303 | 7014 | 11764 | 5299 | 10185 |
| കൊല്ലം | 130 | 172 | 302 | 6718 | 11267 | 5182 | 9960 |
| പത്തനംതിട്ട | 105 | 81 | 186 | 2294 | 3847 | 1636 | 3144 |
| ആലപ്പുഴ | 189 | 66 | 255 | 2772 | 4649 | 2329 | 4476 |
| കോട്ടയം | 143 | 360 | 503 | 6634 | 11126 | 4761 | 9151 |
| ഇടുക്കി | 73 | 259 | 332 | 1680 | 2818 | 1762 | 3387 |
| എറണാകുളം | 177 | 138 | 315 | 9138 | 15326 | 4289 | 8243 |
| തൃശൂർ | 161 | 284 | 445 | 15981 | 26803 | 8244 | 15844 |
| പാലക്കാട് | 96 | 183 | 279 | 5719 | 9593 | 4054 | 7792 |
| മലപ്പുറം | 132 | 205 | 337 | 5305 | 8897 | 3866 | 7430 |
| കോഴിക്കോട് | 106 | 305 | 411 | 6916 | 11599 | 5605 | 10773 |
| വയനാട് | 38 | 45 | 83 | 728 | 1222 | 576 | 1107 |
| കണ്ണൂർ | 137 | 501 | 638 | 10067 | 16884 | 7085 | 13616 |
| കാസർകോഡ് | 64 | 146 | 210 | 2186 | 3666 | 2019 | 3880 |
| ആകെ | 1670 | 2929 | 4599 | 83152 | 139461 | 56706 | 108988 |

(@2016 മാർച്ച്. 2016 - ലെ ശതമാനക്കണത്തിൽ 2022 - ലെ മൊത്തം കണക്കിൽനിന്നും.
Source: @ശ്രീരാം കമ്മിറ്റി റിപ്പോർട്ട്, 2016, #സാമ്പത്തിക അവലോകനം 2022)

## നബാർഡും വിട്ടുനിന്നു

കർഷകരെയും ഗ്രാമീണ സമ്പദ് വ്യവസ്ഥയെയും സാമ്പത്തികമായും സംഘടനാപരമായും സാമൂഹികമായും സഹായിക്കാനും കൈപിടിച്ചുയർത്താനും റിസർവ്വ് ബാങ്കിനു കീഴിൽ പ്രവർത്തിക്കുന്ന നബാർഡ് കേരളത്തിൽ സംഭരിച്ച നെല്ലിന് കർഷകർക്കു പണം കൊടുക്കാത്ത വിഷയം അറിഞ്ഞില്ലേ? കേരളത്തിലെ കാർഷിക വിളകളിൽ ഒരു വിള തിരഞ്ഞെടുത്ത് സംസ്ഥാനാടിസ്ഥാനത്തിൽ മൂല്യവർദ്ധനവു നടത്തുന്ന മെഗാപദ്ധതിക്കു രൂപം നൽകുമെന്ന് നിരവധി തവണ പ്രഖ്യാപിച്ച നബാർഡ് എന്തേ നെല്ലിൽനിന്നും അരിയുണ്ടാക്കുന്ന മൂല്യവർദ്ധിത ഉൽപന്ന പദ്ധതിയിൽ നെല്ലിനെ നാളിതുവരെ തിരഞ്ഞെടുത്തില്ല? കണക്കുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നെല്ലുൽപാദനമുണ്ട്. പശ്ചിമഘട്ടത്തിലെ മലയോര ജില്ലയായ വയനാട് നെല്ലുൽപാദനത്തിൽ 6-ാം സ്ഥാനത്താണ്. പാലക്കാട്, ആലപ്പുഴ തൃശൂർ, കോട്ടയം ജില്ലകൾ തന്നെ ആകെ നെല്ലുൽപാദനത്തിന്റെ 79.46% സംഭാവന ചെയ്യുന്നു. ഈ നാലു ജില്ലകളെ നബാർഡിന് 2 ക്ലസ്റ്ററാക്കാം. പാലക്കാടും തൃശൂരും ഒന്നാം ക്ലസ്റ്ററെങ്കിൽ കോട്ടയവും ആലപ്പുഴയും രണ്ടാം ക്ലസ്റ്ററാക്കാം. ഈ രണ്ടു ക്ലസ്റ്റുകളിൽ ആവശ്യത്തിനു മോഡേൺ റൈസ് മില്ലുകൾ കർഷക ഉൽപാദക കമ്പനി നിയമത്തിൻ കീഴിൽ രൂപീകരിക്കാൻ എന്തേ നബാർഡ് മുന്നോട്ടു വരുന്നില്ല?

തമിഴ്നാട്ടിലെ കണക്കുകൾപ്രകാരം ഒരു മോഡേൺ റൈസ് മിൽ സ്ഥാപിക്കാൻ 8 മുതൽ 12 കോടി രൂപാ വരെ ചിലവാകും. പാലക്കാട്, ആലപ്പുഴ, തൃശൂർ, കോട്ടയം ജില്ലകളിൽ രണ്ടു വീതം മോഡേൺ റൈസ് മില്ലുകൾ കർഷക ഉൽപാദക കമ്പനിമേഖലയിലോ സഹകരണമേഖലയിലോ സ്ഥാപിക്കാൻ 96 കോടി രൂപാ മതി. എന്തേ അതിനു മുതിരാത്തത്?

നെല്ലു സംഭരണത്തിൽ വിദഗ്ദ്ധ സമിതി എന്തുചെയ്തു? എന്തു ചെയ്തുകൊണ്ടിരിക്കുന്നു? എന്നറിയില്ല. പക്ഷേ, കേരളത്തിൽ ഉൽപാദിപ്പിക്കുന്ന മുഴുവൻ നെല്ലും (559337 ടൺ) സംഭരിക്കാനും വരമ്പത്തു തന്നെ രൊക്കം പണം നൽകാനും അതാതു പ്രദേശങ്ങളിലെ പിഎസിഎസ് എന്ന സഹകരണ ബാങ്കുകൾക്കു സാധിക്കും. അതിനുള്ള പദ്ധതി സർക്കാർ ചിലവിൽ വിദഗ്ദ്ധസമിതിയായി പ്രവർത്തിക്കുന്നവർ തന്നെ കണ്ടെത്തട്ടെ.

●●

## പാർട്ട് – 3

# നെൽകൃഷി – 102 രൂപാ ചെലവാകുമ്പോൾ കിട്ടുന്നത് 28.2 രൂപാ

### 30 ഇരട്ടിയും 6 ഇരട്ടിയും

1989–നും 2021–നും ഇടയിൽ വിലക്കയറ്റത്തിന്റെ അളവുകോലായ ഉപഭോക്തൃവില സൂചിക (Consumer Price Index-CPI) ഉയർന്നത് 10 ഇരട്ടി. ബാങ്കിംഗ് മേഖലയിലെ ഏറ്റവും ശമ്പളം കുറഞ്ഞ തൊഴിലാളിയുടെ അടിസ്ഥാന ശമ്പളത്തിലുണ്ടായ വർദ്ധനവ് 11 ഇരട്ടി. അതേസമയം സംസ്ഥാന സർക്കാർ ജീവനക്കാരിലെ ഏറ്റവും കുറഞ്ഞ ശമ്പളം വർദ്ധിച്ചത് 30 ഇരട്ടി. 1975–നും 2015–നും ഇടയിൽ നെൽവില 2.64 രൂപയിൽനിന്നും 19 രൂപയായി ഉയർന്നപ്പോൾ വർദ്ധനവ് 6 ഇരട്ടി. റബർവില 17 രൂപയിൽനിന്നും 120 രൂപയായി ഉയർന്നപ്പോൾ വർദ്ധനവ് 6 ഇരട്ടി മാത്രം. പച്ചക്കപ്പ വില 80 പൈസയിൽനിന്നും 9 രൂപയായി കൂടിയപ്പോൾ വർദ്ധനവ് 10 ഇരട്ടി. കേരളത്തിലെ സാമ്പത്തിക അസമത്വം വർദ്ധിക്കുന്നതിന്റെ കാരണം അന്വേഷിച്ച് വേറൊരിടത്തും പോകേണ്ടതില്ല. കേരളത്തിലെ ഇടതുപക്ഷം അടക്കമുള്ള രാഷ്ട്രീയ പാർട്ടികൾ ഈ അടിസ്ഥാന സാമ്പത്തികശാസ്ത്രം അംഗീകരിച്ചുകൊണ്ടായിരിക്കണം കർഷകരും സംഘടിത മേഖലയും തമ്മിൽ കൂടിക്കൊണ്ടിരിക്കുന്ന സാമ്പത്തിക അസമത്വം ഒഴിവാക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത്.

സംഘടിതശക്തികളുടെ ശമ്പളവർദ്ധനവിനുള്ള കാരണങ്ങൾ കണ്ടെത്താൻ ഗവേഷണം നടത്തുന്ന ബുദ്ധിജീവികളിൽ 99%വും അതിന്റെ ആനുകൂല്യം പറ്റുന്നവരും ഭരണനേതൃത്വത്തെ നിയന്ത്രിക്കുന്നവരും ആകയാൽ കർഷകരും പാർശ്വവൽക്കരിക്കപ്പെട്ടവരും അടക്കമുള്ള സാധാരണ ജനങ്ങളുടെ ദയനീയ സ്ഥിതി ചൂണ്ടിക്കാണിക്കാൻ ആരുമില്ല. തിരഞ്ഞെടുപ്പുകളിലെ വോട്ടാകട്ടെ അവരുടെ ഇനിയുള്ള ആയുധം.

### നെൽകൃഷി ചിലവുകൾ : സർക്കാർ കണക്കിങ്ങനെ

സംസ്ഥാനസർക്കാരിന്റെ ഔദ്യോഗിക കണക്കുകൾ പ്രകാരം കൃഷിചെയ്യുന്ന ഭൂമിയുടെ വിലയുടെ ഒരു നിശ്ചിത ശതമാനം മുതൽമുടക്കു ചിലവായി കണക്കാക്കി കേരളത്തിലെ നെൽകൃഷിയുടെ ഉൽപാദന ചിലവു കണക്കാക്കിയപ്പോൾ 2019–20–ൽ ഒരു ചെറുകിട നെൽകർഷകന്റെ (ഒരേക്കറിൽ താഴെ നെൽവയൽ) ഒരു കിലോ നെല്ല് ഉദ്പാദിപ്പിക്കുന്നതിന്റെ ചിലവ് 102 രൂപാ. നെറ്റി ചുളിക്കേണ്ട, കണ്ണുരുട്ടേണ്ട. സത്യസന്ധമായ സംസ്ഥാന സർക്കാർ കണക്കുതന്നെ. ഇടത്ത

രക്കാരനാണെങ്കിൽ (1 ഏക്കർ മുതൽ 5 ഏക്കർ വരെ) ചിലവ് 88.75 രൂപാ. വൻകിട കർഷകനാണെങ്കിൽ (5 ഏക്കറിനു മുകളിൽ) 72.07 രൂപാ. എല്ലാവരിൽനിന്നും സംസ്ഥാന സർക്കാർ നെല്ലുവാങ്ങുന്നത് 28.2 രൂപയ്ക്ക്. കർഷകർ അപ"കട"ത്തിലാകുന്നതിന് വേറെ കണക്കൊന്നും വേണ്ടല്ലോ.

27/10/1979-ലെ G O(RE) 466/79/plg ഉത്തരവിലൂടെ സംസ്ഥാനത്തെ പ്രധാന വിളകളുടെ വാർഷിക ഉൽപാദന ചിലവ് (Cost of Cultivation) കണക്കാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിനെ ചുമതലപ്പെടുത്തിയിരുന്നു. കേരളത്തിൽ നെല്ല് (3 സീസൺ), തേങ്ങ, അടയ്ക്കാ, കപ്പ, വാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ, ഏലം, BITTER GOURD (3 സീസൺ) COWPEA (3 സീസൺ) എന്നിവയടക്കമുള്ള വിളകളുടെ ഉത്പാദനചിലവാണ് സംസ്ഥാനതലത്തിൽ വർഷാവർഷം സർക്കാർ തന്നെ കണക്കെടുക്കുന്നത്.

ഉൽപാദനചിലവ് ഔദ്യോഗികമായി കണക്കാക്കുന്നതിനായി കേരളത്തിലെ കൃഷിക്കാരെയും കൃഷിയിടങ്ങളെയും മൂന്നായി തരംതിരിച്ചിരിക്കുന്നു.

| വിഭാഗം | ഭൂമിയുടെ അളവ് (ഹെക്ടറിൽ) | |
|---|---|---|
| | നെല്ല് | മറ്റു കൃഷി |
| ചെറുത് (SMALL) | 0.4 H | 0.2 H |
| ഇടത്തരം (MEDIUM) | 0.40 < 2H | 0.20 H < 0.80H |
| വലുത് (LARGE) | > 2H | > 0.80 H |

മൂന്നു തരത്തിൽ ഭൂഉടമസ്ഥതയുള്ളവരുടെ അടിസ്ഥാനത്തിലുള്ള ഉൽപാദനചിലവാണ് സർക്കാർ കണക്കാക്കുന്നത്. കൃഷി ഇറക്കാനുള്ള ദൈനംദിനചിലവാണ് കോസ്റ്റ് "എ" ആയി കണക്കാക്കുന്നത്. ഇതിന്റെകൂടെ കൃഷി ഇറക്കാനുള്ള പണംമുടക്കിന്റെ പലിശയും കൃഷിക്കാരന്റെയും കുടുംബാംഗങ്ങളുടെയും കൃഷിപണിയിലുള്ള അദ്ധ്വാനം കണക്കിലെടുക്കുമ്പോൾ കോസ്റ്റ് "ബി" കിട്ടും. ഇതിന്റെ മുകളിൽ കൃഷി ഇറക്കുന്ന ഭൂമിയുടെ വിലയുടെ തുകയ്ക്കു സമാനമായ തുകയുടെ പലിശ കൂടി കണക്കാക്കുമ്പോൾ കോസ്റ്റ് "സി" ലഭിക്കും.

2022 മാർച്ചുമാസത്തിൽ പ്രസിദ്ധീകരിച്ച 2019-20 ലെ നെൽകൃഷി ചിലവുകണക്കുകളിങ്ങനെ.

| ചിലവിനങ്ങൾ | ചെറുകിട കർഷകർ < 0.40 H | ഇടത്തരം കർഷകർ 0.4-2.0 | വൻകിട കർഷകർ 2.0 + | ശരാശരി - |
|---|---|---|---|---|
| തൊഴിലാളി കൂലി | 40945 | 31436 | 22694 | 27536 |
| പോത്തു തൊഴിലാളി കൂലി | 88 | 7 | - | 12 |
| യന്ത്രതൊഴിലാളി കൂലി | 8828 | 8795 | 7839 | 8280 |

| | | | | |
|---|---|---|---|---|
| വിത്ത്<br>വളം കീടനാശിനി | 2975<br>9572 | 3383<br>7452 | 2895<br>7258 | 3818<br>7591 |
| വിള സംരക്ഷണം | 896 | 1815 | 3199 | 2493 |
| ഭൂനികുതി/വെള്ളക്കരം | 227 | 253 | 182 | 210 |
| കാർഷിക യന്ത്ര റിപ്പയർ | 678 | 283 | 18 | 179 |
| വർക്കിംഗ് ക്യാപ്പിറ്റൽ പലിശ | 6330 | 5289 | 4388 | 4973 |
| മറ്റു ചിലവുകൾ | 9321 | 9414 | 15125 | 12630 |
| ആകെ ചിലവ് (A) | 79860 | 68127 | 63598 | **67722** |
| മൂലധന പലിശ | 2048 | 1272 | 1775 | 1648 |
| ഭൂമി വില പലിശ | 194943 | 177727 | 139554 | 158043 |
| ആകെ ചിലവ് (B) | 276851 | 247126 | 204927 | **227413** |
| കർഷകന്റെയും കുടുംബത്തിന്റെയും തൊഴിൽ മൂല്യം | 17315 | 8822 | 2769 | 6377 |
| ആകെ ചിലവ് (C) | 294166 | 255948 | 207696 | **233790** |
| ഉൽപാദനക്ഷമത (KG) | 2884 | 2884 | 2884 | 2884 |
| A കാറ്റഗറി ചിലവ് Rs/Kg | 27.69 | 23.62 | 22.05 | 23.48 |
| B കാറ്റഗറി ചിലവ് ” | 95.99 | 85.69 | 71.05 | 78.85 |
| C കാറ്റഗറി ചിലവ് ” | 102.00 | 88.75 | 72.07 | 81.06 |

2019-20ലെ കണക്കനുസരിച്ച് ഒരു ഹെക്ടർ ചെറുകിട നെൽപാടത്ത് കൃഷി ചെയ്യുന്നതിനുള്ള “എ” ചിലവ് 79860 രൂപയാണ്. ഒരു കിലോ നെല്ലിന്റെ ഉൽപാദനചിലവ് 27.69 രൂപാ.

ഇനി ”എ” ചിലവിന്റെ കൂടെ കൃഷി ഇറക്കാനായി മുടക്കുന്ന പണത്തിന്റെ പലിശയും കൃഷിക്കാരന്റെ കുടുംബാംഗങ്ങളുടെ അദ്ധ്വാനത്തിന്റെ കൂലിയും ചേർത്താൽ ഉൽപാദനചിലവ് 97175 രൂപയാണ്. കൃഷിഭൂമിയുടെ വിലയുടെ പലിശ ചിലവ് ഒഴിവാക്കി ഒരു കിലോ നെല്ലുൽപാദന ചിലവ് 33.69 രൂപാ. സർക്കാർ നെല്ലു സംഭരിക്കുന്നത് 28.20 രൂപയ്ക്കു മാത്രം.

നെൽവയൽ ഭൂമിയുടെ വിലയുടെ സമാനമായ തുകയുടെ സാധാരണ പലിശ കൂടി ഉൽപാദനചിലവിൽ കണക്കാക്കിയാൽ ഒരു ഹെക്ടറിലെ നെല്ലുൽപാദനചിലവ് 294166 രൂപാ. നെല്ലിന്റെ ഉൽപാദനചിലവ് 102 രൂപാ.

സംസ്ഥാനസർക്കാരിന്റെ തന്നെ ഭാഗമായ ആസൂത്രണ ബോർഡിന്റെ 2023 ലെ സാമ്പത്തിക അവലോകനം 2022ൽ പറയുന്നത് ഒരു ഹെക്ടർ നെൽവയലിൽനിന്നും 2884 കിലോ നെല്ലു ലഭിക്കുമെന്നാണ്. (സാമ്പത്തിക അവലോകനം 2022 പേജ് 55/ഭാഗം 2). യഥാർത്ഥ്യത്തിൽ അതിലും കുറവായിരിക്കും ഉൽപാദനക്ഷമത. ജില്ലാടിസ്ഥാനത്തിൽ ഉൽപാദനക്ഷമത കൂടിയും കുറഞ്ഞുമിരിക്കും. ഒരു ഹെക്ടർ നെൽകൃഷിയിൽനിന്നും ഏറ്റവും കൂടുതൽ ഉൽപാദനക്ഷമതയുള്ളത് മലപ്പുറത്താണ്. 3213 കിലോ. തൊട്ടടുത്തുതന്നെ പാലക്കാട് 3182 കിലോ. മൂന്നാം സ്ഥാനത്ത് തൃശൂർ 3074 കിലോ. നാലാം സ്ഥാനം വയനാടി 2801 കിലോ. 5-ാം സ്ഥാനം കോട്ടയം 2757 കിലോ.

ഉൽപാദനക്ഷമത കൂടുംതോറും ഉൽപാദനചിലവ് കുറയും. ഒരു കിലോ നെല്ല് ഉൽപാദിപ്പിക്കാനുള്ള ചിലവും കുറയും.

## ഓരോ കിലോ നെല്ലും ഉൽപാദിപ്പിക്കുമ്പോഴും കർഷകന് 6.2 രൂപാ നഷ്ടം

നിലവിലെ നെല്ലിന്റെ സംഭരണവില കേരളത്തിൽ 28.20 രൂപയാണ്. ഇതിൽ 21.83 രൂപാ കേന്ദ്രം നൽകുന്ന സബ്സിഡിയാണ്. നെല്ലു സംഭരണത്തിൽ കേരളസർക്കാരിന്റെ പണംമുടക്ക് ഒരു കിലോ നെല്ലിന് 6.37 രൂപ മാത്രമാണ്. കർഷകന്റെയും അവന്റെ കുടുംബത്തിന്റെയും തൊഴിൽമൂല്യം മാത്രം ദൈനംദിന നെൽകൃഷി ചിലവിനോടു കൂട്ടിച്ചേർത്താൽ ഒരു ഹെക്ടർ നെൽകൃഷിക്കു ചിലവാക്കുന്നത് (79860 + 17315) 97175 രൂപയാണ്. ഒരു കിലോ നെല്ലിന്റെ ഉൽപാദനചിലവ് 33.69 രൂപാ. ഓരോ പ്രാവശ്യവും കൃഷി ഇറക്കാനായി കർഷകൻ ചിലവിടുന്ന തുകയുടെ പലിശ തന്നെ 2048 രൂപാ വരും. അതുംകൂടി കണക്കെടുത്താൽ അടിസ്ഥാനപരമായി ഒരു കിലോ നെല്ല് ഉൽപാദിപ്പിക്കാൻ ചിലവാകുന്നത് (97175 + 2048) 99223 രൂപയാണ്. ഒരു കിലോക്ക് 34.40 രൂപാ. ചുരുക്കത്തിൽ സംസ്ഥാന സർക്കാർ നെൽകർഷകർക്ക് എന്തോ വലിയ സഹായം ചെയ്യുന്നു എന്ന മട്ടിൽ നൽകുന്ന നെല്ലുസംഭരണ വിലയായ 28.20 രൂപയ്ക്ക് നെല്ലു സംഭരിക്കുമ്പോൾ ഓരോ കിലോ നെല്ലിനും കർഷകന്റെ പ്രത്യക്ഷനഷ്ടം (34.40 – 28.20) 6.20 രൂപയാണ്. ഇങ്ങനെ നഷ്ടത്തിൽ കൃഷിചെയ്യുന്ന നെല്ലിന്റെ വിലയാണ് കർഷകനു നൽകാതെ മറ്റു ധൂർത്തുകൾക്ക് യാതൊരു നിയന്ത്രണവുമില്ലാതെ സർക്കാർ പണം നൽകുന്നത്.

കഴിഞ്ഞ 10 വർഷത്തെ നെൽകൃഷിയെ സംബന്ധിച്ച പത്രവാർത്തകൾ എടുത്താൽ കേരളത്തിലെ നെൽകൃഷി പതിന്മടങ്ങായി വർദ്ധിച്ചതായി മാറിമാറി വന്ന കൃഷിമന്ത്രിമാരും കൃഷി സെക്രട്ടറിമാരും ഡയറക്ടർമാരും വീമ്പിളക്കിയിരുന്നു. ലക്ഷക്കണക്കിനു രൂപാ സർക്കാർ ഖജനാവിൽനിന്നും മുടക്കി എത്രയോ സ്ഥലത്ത് നെൽവിതക്കൽ മാമാങ്കങ്ങൾ നടത്തി. ഞാറു നടൽ ഉത്സവങ്ങൾ നടത്തി. കൊയ്ത്ത് ഉൽസ

വങ്ങൾ നടത്തി. എത്രയോ സ്ഥലങ്ങളിൽ തരിശുഭൂമി നെൽവയലാക്കി. എന്നാൽ അതൊക്കെ ശുദ്ധ തട്ടിപ്പും വെറും പബ്ലിസിറ്റിയുമായിരുന്നെന്ന് സർക്കാരിന്റെ തന്നെ നെൽകൃഷിയെ സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുന്നു.

സാമ്പത്തിക അവലോകന കണക്കുകൾ പ്രകാരം 2012–13 മുതൽ 2021–22 വരെയുള്ള നെൽകൃഷി കണക്കുകളിങ്ങനെ.

| വർഷം | നെൽകൃഷി വിസ്തൃതി HECT | ഉൽപാദനം 000MT | ഒരു ഹെക്ടറിൽ നിന്നും ലഭിക്കുന്ന നെല്ല് KG/HA |
|---|---|---|---|
| 2012 - 13 | 197277 | 508299 | 2577 |
| 13 - 14 | 199611 | 564325 | 2827 |
| 14 - 15 | 198159 | 562092 | 2837 |
| 15 - 16 | 196870 | 549275 | 2790 |
| 16 - 17 | 171398 | 436483 | 2547 |
| 17 - 18 | 189086 | 521310 | 2757 |
| 18 - 19 | 198026 | 578256 | 2920 |
| 19 - 20 | 191051 | 587078 | 3073 |
| 20 - 21 | 201865 | 626888 | 3105 |
| 21 - 22 | 193950 | 559336 | 2884 |

2020–21 ൽ 201865 ഹെക്ടറിലുണ്ടായിരുന്ന നെൽകൃഷി 2021–22 ആയപ്പോൾ 193950 ഹെക്ടറായി കുറഞ്ഞു. കൃഷിവകുപ്പിൽനിന്നു കാർഷികസർവകലാശാലയിൽനിന്നും "എന്തൊക്കെ" വാർത്തകളിലൂടെ ചെയ്തിട്ടും ഉൽപാദനക്ഷമത ഹെക്ടർ ഒന്നിന് 3105 കിലോയിൽനിന്നും 2884 ആയി കുറഞ്ഞു. കാർഷികസർവ്വകാലാശാലകളിലെ എയർകണ്ടീഷൻ മുറികളിലെ നെല്ലുഗവേഷണം കർഷകർക്ക് ഗുണം ചെയ്യുന്നില്ല എന്നുതന്നെ കണക്കുകൾ. മലയാളിയെ "അരിയാഹാരം" കഴിപ്പിക്കാൻ നെൽകൃഷി ചെയ്യുന്ന കർഷകൻ കടത്തിൽ മുങ്ങിത്താഴുകയാണെന്ന് അരിയാഹാരം കഴിക്കുന്ന മലയാളിക്കും മനസ്സിലായിട്ടില്ല.

**മലയാളി കർഷകരുടെ ശരാശരി കടം 5.46 ലക്ഷം രൂപാ.**
**ദേശീയ തലത്തിൽ 1.82 ലക്ഷം രൂപാ.**

കേരളത്തിലെ കർഷകരുടെ ആളോഹരി കടത്തെ സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ കണക്കുകൾ (നാഷണൽ സാമ്പിൾ സർവെ ഓർഗനൈസേഷൻ സ്ഥിതി വിലയിരുത്തൽ സർവേ 2021, ദേശീയ വായ്പ നിക്ഷേപ താരതമ്യ സർവെ) പ്രകാരം കേരളത്തിലെ ഒരു കർഷ

കന്റെ ശരാശരി കടബാദ്ധ്യത 5.46 ലക്ഷം രൂപയാണ്. ദേശീയതലത്തിൽ ഇത് 1.82 ലക്ഷം രൂപാ മാത്രം. ദേശീയ ശരാശരിയേക്കാൾ മൂന്നിരട്ടി യാണ് കേരളത്തിലെ കർഷകന്റെ കടബാദ്ധ്യത. അതിന്റെ കൂടെയാണ് നെല്ലു കുത്തി അരിയാക്കി അതു വിറ്റ് അതിന്റെ പണം പോക്കറ്റിലെ ത്തിയിട്ടും നെൽകർഷകനു നെല്ലിന്റെ വില നൽകാത്ത സംസ്ഥാന സർക്കാരിന്റെ കഴിവുകേടും. ഇതൊന്നും വസ്തുതാപരമായി ചൂണ്ടി ക്കാണിക്കാനോ കർഷകരെ സംരക്ഷിക്കാനോ സാധിക്കാത്ത പ്രതിപ ക്ഷത്തിന്റെ നിലപാട് അതിനെക്കാൾ അപഹാസ്യം. നെൽകർഷകർക്കു വേണ്ടി സമരരംഗത്തു നിൽക്കുന്ന പ്രമുഖ സ്വതന്ത്ര കർഷകസംഘ ടനാ നേതാക്കന്മാർപോലും നെൽകൃഷിയിലെ ലാഭനഷ്ടങ്ങളെപ്പറ്റി വ്യക്തമായ ധാരണ ഇല്ല. സഹകരണബാങ്കുകളിലെ വായ്പകൾ ഓരോ വർഷവും കുത്തനെ കൂടുന്നതുമാത്രമാണ് കർഷകർക്ക് നെൽകൃഷി കൊണ്ടുള്ള ഏക നേട്ടം.

## കേരളത്തിലെ അരി ഉൽപാദനത്തിന്റെ മരണമണി!

ഒരു കാര്യം ഉറപ്പിച്ചു പറയാം. നെൽകൃഷിയോടുള്ള "സ്നേഹം" കൊണ്ട് നെൽകൃഷി ചെയ്യുന്ന ഇന്നത്തെ മുതിർന്ന തലമുറ (60-80 വയസ്സ്) കൃഷിയിൽനിന്നും പിൻവാങ്ങുന്നതോടെ കേരളത്തിലെ നെൽകൃഷി അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഇല്ലാതാകും. നെല്ലു സംഭരണത്തിൽ സംസ്ഥാന സർക്കാർ കാണിക്കുന്ന അലംഭാവം അരി യാഹാരം കഴിക്കുന്ന മലയാളിയുടെ അരി തമിഴ്നാടും ആന്ധ്രപ്രദേശും സ്പോൺസർ ചെയ്യും. അതിനു നൽകേണ്ട വില അതിഭീകരമായിരിക്കും. അതിനെക്കാൾ ഭയാനകമായിരിക്കും നിലവിൽ കേരളത്തിനുവേണ്ടി മാത്രം അന്യസംസ്ഥാനങ്ങളിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൃഷിയിൽ ഉപയോഗിക്കുന്ന കീടനാശിനികളുടെയും മറ്റു വിഷങ്ങളുടെയും ഉപ യോഗത്തെ സംബന്ധിക്കുന്ന ഞെട്ടിക്കുന്ന വാർത്തകൾ. നാളെ കേര ളത്തിനുവേണ്ടി മാത്രം നെല്ല് ഉൽപാദിപ്പിക്കുന്ന വയലുകളിൽ അരി യുടെ വലുപ്പമോ തൂക്കമോ വർദ്ധിപ്പിക്കാൻ എന്തു നെറികെട്ട പണിയും കാണിക്കാൻ ഈ സാഹചര്യം അവർക്ക് പ്രചോദനം നൽകും. ഇന്ന് കേരളത്തിൽ ഏറെ സ്വീകാര്യത കിട്ടുന്ന വിഷരഹിത പച്ചക്കറി ഉൽപാദനം പോലെ 10 വർഷം കഴിയുമ്പോൾ നാം വിഷരഹിത നെല്ലുൽപാദനത്തിനു പ്രമുഖ്യം നൽകിയേക്കാം. പക്ഷേ അന്നു നെൽവ യലുകൾ കാണണമെന്നില്ല.

അപ്പോൾ അരിവില 70 രൂപയോ 100 രൂപയോ ആയാലും അത്ഭു തപ്പെടാനില്ല. അന്യസംസ്ഥാന അരിക്ക് ഭാവിയിൽ 70ഉം 100ഉം 150 രൂപാവരെയും ഒരു ചോദ്യംപോലും ഉന്നയിക്കാൻ മിനക്കെടാതെ കൊടു ക്കാൻ തയ്യാറാകുന്ന മലയാളി ആ പണം കേരളത്തിലെ നെൽകർഷ

കർക്കു നൽകാൻ ഇപ്പോൾ തയ്യാറായാൽ കഴിഞ്ഞ 2 പതിറ്റാണ്ടായി അന്യംനിന്നുപോയ നെൽവയലുകളിലൊക്കെ നെല്ലു വിളയും. പകരം സർക്കാർ ഭൂനിയമങ്ങൾ ചൂണ്ടിക്കാട്ടി കണ്ണുരുട്ടിയാൽ നെൽകൃഷി തിരിച്ചുവരില്ല. നെൽവയൽ സംരക്ഷണ നിയമം തന്നെ നഷ്ടത്തിലായ നെൽകൃഷി ചൂണ്ടിക്കാട്ടി കോടതിയിൽ ചോദ്യം ചെയ്യണം. കേന്ദ്ര സർക്കാർ കാർബൺ ക്രഡിറ്റ് പദ്ധതി ആവിഷ്ക്കരിക്കുന്നതുപോലെ ഒരു ഹെക്ടർ നെൽകൃഷി നിലനിർത്താൻ 'വാട്ടർക്രഡിറ്റായി' പ്രതിവർഷം 50,000 രൂപയെങ്കിലും കർഷകർക്കു നൽകണം. അല്ലെങ്കിൽ കേരളം വരണ്ടുണങ്ങും.

## 2013 – 14 മുതൽ 2019 – 20 വരെയുള്ള ഔദ്യോഗിക നെല്ലുൽപാദന ചിലവുകൾ

വിവിധ വർഷങ്ങളിലെ വിവിധ വിഭാഗങ്ങളിലെ നെല്ലുൽപാദന ചിലവുകൾ (രൂപാ)

| COST CONCEPT | YEAR | SMALL | MEDIUM | LARGE | ALL SIZE |
|---|---|---|---|---|---|
| COST A | 2013–14 | 68502 | 49906 | 49543 | 53142 |
| | 2014–15 | 80834 | 49331 | 41198 | 50895 |
| | 2015–16 | 62547 | 53693 | 46428 | 51823 |
| | 2017–18 | 69260 | 57327 | 53886 | 57369 |
| | 2018–19 | 71026 | 60539 | 50452 | 58545 |
| | 2019-20 | 79860 | 68127 | 63598 | 67722 |
| COST B | 2013–14 | 200046 | 124667 | 88569 | 122882 |
| | 2014–15 | 206775 | 115497 | 68766 | 109607 |
| | 2015–16 | 118218 | 97999 | 85647 | 95647 |
| | 2017–18 | 250470 | 243772 | 182836 | 215638 |
| | 2018–19 | 300016 | 269106 | 264888 | 273141 |
| | 2019-20 | 276851 | 247126 | 204927 | 227413 |
| COST C | 2013–14 | 208371 | 129939 | 91384 | 127653 |
| | 2014–15 | 216750 | 120253 | 71632 | 114378 |
| | 2015–16 | 131527 | 105748 | 90008 | 102740 |
| | 2017–18 | 264872 | 252470 | 186811 | 222887 |
| | 2018–19 | 316953 | 227939 | 267534 | 281057 |
| | 2019-20 | 294166 | 255948 | 207696 | 233790 |

# പാർട്ട് – 4

# നെല്ലിൽനിന്ന് ആര് അരി ഉണ്ടാക്കും?

## നെൽകർഷകരെ പരുവപ്പെടുത്താൻ അരിമില്ലുകാർ

ഒന്നാം വിളയിൽ ഉൽപാദിപ്പിക്കുന്ന 175000 മെട്രിക് ടൺ നെല്ലും സംസ്ഥാന സർക്കാരിനുവേണ്ടി സപ്ലൈക്കോ സംഭരിക്കുകയും സപ്ലൈക്കോക്കുവേണ്ടി 60ൽപരം സ്വകാര്യ റൈസ് മില്ലുകാർ കർഷകരിൽനിന്നും നെല്ലു സംഭരിക്കുന്നതാണ് കേരളത്തിലെ നെല്ലു സംഭരണ സംവിധാനം. സംസ്ഥാന സർക്കാരും റൈസ് മില്ലുകാരുമായിട്ടുള്ള തർക്കമാണ് എല്ലാ വർഷവും നെല്ലുസംഭരണത്തിൽ കല്ലുകടിയാകുന്നത്. ഇതൊരു രഹസ്യ സംഘടിത സംവിധാനമാണ്. നെൽകർഷകരെ പരുവപ്പെടുത്തിയെടുക്കാനുള്ള സംയുക്തശ്രമം. കർഷകർ കൊയ്തെടുത്ത നെല്ല് സംഭരിക്കാനാവാതെ പാടത്തും വഴിവക്കിലും കർഷകരുടെ വീട്ടുമുറ്റത്തും വെയിലും മഴയുമേറ്റ് എങ്ങനെ സൂക്ഷിക്കണമെന്നറിയാതെ കർഷകർ ആശങ്കപ്പെടുമ്പോൾ “എങ്ങനെയെങ്കിലും എന്തു വിലയ്ക്കെങ്കിലും നിങ്ങൾ നെല്ല് സംഭരിക്കൂ” എന്ന മനോഭാവത്തിലേക്ക് കർഷകരെ പരുവപ്പെടുത്താനാണ് വിളവെടുപ്പുകാലത്ത് റൈസ് മില്ലുകളുടെ സ്പോൺസേർസ് “തർക്കം” ഉടലെടുക്കുന്നത്. സഹകരണസ്ഥാപനങ്ങളുടെയും സർക്കാരിന്റെയും മതസമുദായ സംസ്കാരിക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും ആയിരക്കണക്കിനു ഓഡിറ്റോറിയങ്ങളും കെട്ടിടങ്ങളും വെറുതെ അടഞ്ഞുപൂട്ടി കിടക്കുമ്പോഴാണ് കർഷകരുടെ നെല്ല് പാടത്ത് മഴയത്ത് നശിക്കുന്നത്. ആരും സഹായിക്കാൻ മുന്നോട്ടുവന്നില്ല. (ഈ സംവിധാനങ്ങളും ഫൈവ്സ്റ്റാർ ഹോട്ടലുകളും വരെ കോവിഡ് കാലത്തു സർക്കാർ പൊതുതാല്പര്യത്തിനായി ഏറ്റെടുത്തിരുന്നു എന്നോർക്കണം).

കർഷകരിൽനിന്നും നെല്ലു സംഭരിക്കുമ്പോൾ അളവിൽ പരമാവധി കുറവുകാണിച്ചാലെ മില്ലുകാർക്ക് നെല്ലുകുത്ത് ലാഭകരമാകൂ. നെല്ലിലെ ഈർപ്പമാണ് പ്രശ്നം. അളന്നെടുക്കുന്ന നെല്ലിന് ഈർപ്പമുണ്ടെങ്കിൽ ഒരു ക്വിന്റർ (100 കി.ഗ്രാം) നെല്ല് അളക്കുമ്പോൾ 12 കിലോ വരെ കുറക്കും. നിലവിലെ വിലയിൽ “വരമ്പത്തു”വച്ചുതന്നെ നെൽകർഷകരുടെ (28.20 x 12) 339 രൂപാ മില്ലുകാരുടെ പോക്കറ്റിലെത്തും.

## ഒരു കിലോ നെല്ലുകുത്തി അരിയാക്കിയാൽ

ഒരു കിലോ നെല്ലു കുത്തിയാൽ 645 ഗ്രാം അരിയാണ് (64.5%) മില്ലുകാർ സർക്കാരിനു തിരിച്ചുനൽകേണ്ടത്. പ്രോസസിംഗ് ചാർജായി ഒരു കിലോക്ക് 2.75 രൂപയും. പ്രോസസിംഗ് ചാർജിനുമേൽ ജിഎസ്ടി ഇന്നും തർക്കവിഷയം. അടുത്തനാളിൽ 64.5% അരി എന്നത് സർക്കാർ ഏകപക്ഷീയമായി 68% അരി എന്നാക്കി. ഈ 3.5% അരി ആരു നൽകും

എന്നാണ് മില്ലുകാർ ചോദിക്കുന്നത്. ആ നഷ്ടം അവർ കർഷകരുടെ തലയിൽ കെട്ടിവച്ചു. നെല്ലിന്റെ കൂടിയ ഈർപ്പത്തിലൂടെ.

ചുരുക്കത്തിൽ 1.56 കിലോ നെല്ലു കുത്തിയാൽ ഒരു കിലോ അരി ലഭിക്കും. അങ്ങനെയെങ്കിൽ ഒരു കിലോ അരിക്കു വേണ്ടിവരുന്ന നെല്ലിന്റെ വില ( 28.2 x 1.56 = 43.99) 44 രൂപാ. ഇതിന്റെകൂടെ പ്രോസസിംഗ് ചാർജായ 2.75 രൂപാകൂടി കൂട്ടിയാൽ ഒരു കിലോ അരിയുടെ വില 46.75 രൂപാ. ചുരുക്കത്തിൽ നെല്ലിനു താങ്ങുവില 28.2 രൂപാ നൽകുമ്പോൾ അരിമൊത്തവ്യാപാരവില 46.75 രൂപായാകുന്നു. നെല്ല് അരി കൺവേർഷൻ റേഷ്യോ 60. അങ്ങനെയെങ്കിൽ അരിക്ക് മാർക്കറ്റിൽ 60 രൂപാ വരുമ്പോൾ നെൽകർഷന് കുറഞ്ഞത് 36 രൂപാ നെല്ലുവില ലഭിക്കണം (Rs 60 x 60 CONVERSION RATIO). അതുണ്ടാകുന്നില്ല എന്നുമാത്രമല്ല ലാഭം ഇടനിലക്കാരന്റെ പോക്കറ്റിലേക്കു പോകുന്നു. കൃഷിവകുപ്പിലും സഹകരണവകുപ്പിലും ഈ കണക്കറിയാവുന്ന ഉന്നത ഉദ്യോഗസ്ഥരൊന്നും ഇല്ലേ?

## കർഷക രാഷ്ട്രീയ കപടമുഖം

"മൂല്യവർധിത ഉല്പന്നങ്ങളിലൂടെ കാർഷികമുന്നേറ്റം ലക്ഷ്യം വയ്ക്കുന്നു" എന്ന് കേരള കർഷകസംഘം സംസ്ഥാന സമ്മേളനത്തിൽ 2022 ഒക്ടോബർ 22നു പ്രഖ്യാപിച്ച കേരളമാണ് നെൽകർഷകരിൽനിന്നും സംസ്ഥാന സർക്കാർ സംഭരിച്ച് അരിയാക്കി വിറ്റ് പണം സ്വന്തമാക്കിയിട്ടും സംഭരിച്ച നെല്ലിനു പണം നൽകാത്തത്. സഹകരണം, കൃഷി, വ്യവസായവകുപ്പുകളുടെ സംയോജിത ഇടപെടലിലൂടെ സമഗ്ര മുന്നേറ്റമാണ് കാർഷികരംഗത്തിന് ആവശ്യമെന്നു ചൂണ്ടിക്കാട്ടുന്ന സർക്കാർ തന്നെയാണ് കേരളത്തിലെ സഹകരണബാങ്കുകളിൽ 31,128 കോടി രൂപാ വെറുതെ കെട്ടികിടക്കുമ്പോഴും നെൽകർഷകരിൽനിന്നു വാങ്ങിയ നെല്ലിനു പണം നൽകാൻ വായ്പക്കായി ദേശസാൽകൃതബാങ്കുകളെ സമീപച്ചത്. കാർഷികമേഖലയിൽ വെറും വാചകമടി മാത്രമാണ് കേരളത്തിൽ നടക്കുന്നത്. നാടിന്റെ വികസനത്തിന് കാർഷികമേഖലയുടെ വികസനം കൂടിയേതീരൂ എന്നു പറയുന്നവർ ഭരിക്കുന്ന സംസ്ഥാനത്തുതന്നെ സംഭരിച്ച നെല്ലിനു പണം നൽകാത്തത് കർഷകവിരുദ്ധം തന്നെ. ദേശീയ കാർഷികസമരത്തിന്റെ ഭാഗമായി രാഷ്ട്രീയനേട്ടം കൊയ്തവർ തന്നെയാണ് അവർ ഭരിക്കുന്നിടത്ത് കർഷകവിരുദ്ധരാകുന്നതും അപഹാസ്യമാണ്.

കിസാൻസഭ അഖിലേന്ത്യ സമ്മേളനം രണ്ടാം കർഷപ്രക്ഷോഭത്തിനു രൂപം നൽകുമെന്ന് അഖിലേന്ത്യ കിസാൻ സഭ ജനറൽ സെക്രട്ടറി ഹന്നൻ മൊള്ള ചൂണ്ടിക്കാണിക്കുമ്പോഴും മിനിമം താങ്ങുവിലക്ക് നിയമപ്രാബല്യം നൽകാത്ത പ്രധാനമന്ത്രി കർഷകരെ വഞ്ചിച്ചുവെന്ന് അഖിലേന്ത്യാ കിസാൻ സഭയുടെ പ്രസിഡന്റ് അശോക് ധാവ്ളെ കേരള നേതാക്കളായ പി. കൃഷ്ണപ്രസാദിന്റെയും വിജയകൃഷ്ണന്റെയും സാന്നിദ്ധ്യത്തിൽ ചൂണ്ടിക്കാണിക്കുമ്പോഴും കിസാൻ സഭ നിയന്ത്രിക്കുന്ന ഇടതുപക്ഷ സർക്കാരാണ് കേരളത്തിലെ നെൽകർഷകർക്ക്

സംഭരിച്ചു ഉപയോഗിച്ച നെല്ലിന്റെ വില നൽകാത്തതെന്ന വൈരുദ്ധ്യം സ്വയം മനസ്സിലാക്കണം. നേട്ടങ്ങളായി ചൂണ്ടിക്കാണിക്കുന്നതൊക്കെ ആവിയായി പോകുന്ന ജീവിതസാക്ഷ്യങ്ങൾ.

കാർഷികഉൽപ്പന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവ ലഭ്യമാക്കി സംസ്ഥാന സർക്കാർ മൂല്യവർദ്ധിത കാർഷികമിഷനും കേരള അഗ്രോ ബിസിനസ് കമ്പനിയും രൂപീകരിച്ചതായി കൃഷിമന്ത്രി പി. പ്രസാദ് 2022 നവംബർ 3ന് കോട്ടയം പ്രസ് ക്ലബ്ബിൽ മുഖാമുഖത്തിൽ പ്രഖ്യാപിക്കമ്പോഴും നെൽകർഷകർക്കു നൽകാനുള്ള പണം നൽകിയിരുന്നില്ല എന്നതും ഭരണകൂടത്തിന്റെ ലക്ഷ്യബോധമില്ലായ്മ വെളിച്ചത്തു കൊണ്ടുവരുന്നു.

ഭരണം ഉള്ളിടത്ത് നയങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത രാഷ്ട്രീയനേതൃത്വം മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നത് അവസാനിപ്പിച്ച് തങ്ങൾ രൂപീകരിച്ച നയങ്ങൾ തങ്ങൾക്കു അധികാരമുള്ള സംസ്ഥാനങ്ങളിലെങ്കിലും അടിയന്തിരമായി നടപ്പിലാക്കണം.

## നെല്ലു സംഭരണ വില കേരളത്തിൽ 37.84 രൂപയാക്കണം

2019–20ലെ കണക്കനുസരിച്ച് ഒരു ചെറുകിട കർഷകന് ഒരു കിലോ നെല്ല് ഉൽപാദിപ്പിക്കാൻ 34.4 രൂപാ ചിലവാകുന്നു എന്നതിന്റെ അടിസ്ഥാനത്തിലും 2019–20 നും 2022–23 നും ഇടയിലെ വിലക്കയറ്റം 10% എന്നും കണക്കാക്കിയാൽ 2023–24 കാലഘട്ടത്തിൽ ഒരു കിലോ നെല്ല് ഉൽപാദിപ്പിക്കുന്നതിനുള്ള ചിലവ് ഏറ്റവും കുറഞ്ഞത് 37.84 രൂപയായി കണക്കാക്കണം. ഇതിൽ കേന്ദ്രം ഒരു കിലോ നെല്ലു സംഭരണത്തിനു നൽകുന്ന 21.83 രൂപാ കഴിഞ്ഞുള്ള 16.01 രൂപാ സംസ്ഥാനസർക്കാർ നെല്ലുസംഭരണ സബ്സിഡിയായി നൽകണം. സംസ്ഥാന സർക്കാർ 16.01 രൂപാ ഒരു കിലോ നെല്ലിന് സബ്സിഡി നൽകുന്നു എന്നു പറയുന്നത് ശരിയല്ല. ഈ തുക കൊടുത്തു വാങ്ങുന്ന നെല്ല് കുത്തി അരിയാക്കി വിപണിയിൽ വിൽക്കുമ്പോൾ ആ പണം സർക്കാരിനു തിരിച്ചുകിട്ടില്ലെ. 'സബ്സിഡി'ക്കു പകരം 'സംഭരണത്തിനുള്ള മുൻകൂർ തുക' എന്നു പറയുന്നതാണുചിതം.

## ബി.ജെ.പിയുടെയും എൽ.ഡി.എഫിന്റെയും വാഗ്ദാനങ്ങൾ നടപ്പിലാക്കിയാൽ സംഭരണവില56.76 രൂപാ

കേരളത്തിലെ കൃഷിക്കാരുടെ വരുമാനത്തിൽ 50% വർദ്ധനവ് അഞ്ച് വർഷം കൊണ്ടു സൃഷ്ടിക്കും – LDF പ്രകടനപത്രിക 2021 (item 331). നെല്ലിന്റെ ഉൽപാദനക്ഷമത ഹെക്ടറിന് 45 ടണ്ണായി ഉയർത്തും (item 332). കേന്ദ്രസർക്കാർ 2017-18 കാലഘട്ടത്തിൽ പുറത്തിറക്കിയ "കർഷകരുടെ വരുമാനം ഇരട്ടിയാക്കൽ" റിപ്പോർട്ട് പ്രകാരം കാർഷിക വിളകളുടെ ഉൽപാദന ചിലവിന്റെ 150% (ഒന്നര ഇരട്ടി) ആയിരിക്കണം താങ്ങുവില. അങ്ങനെയാണെങ്കിൽ കേരളത്തിൽ നെല്ലിന്റെ താങ്ങുവില 56.76 രൂപയായിരിക്കണം. സ്വാമിനാഥൻ കമ്മറ്റി നിർദ്ദേശങ്ങൾ കേരളത്തിൽ അടിയന്തിരമായി നടപ്പിലാക്കണം.

## നെല്ല് ഉൽപാദക സംഘങ്ങൾ

കേരളത്തിൽ ഏതെങ്കിലും തരത്തിൽ നെൽകൃഷി ചെയ്യുന്ന എല്ലാ ഭൂമിയുടെയും അതിന്റെ ഉടമസ്ഥന്റെയും വിശദാംശങ്ങൾ സംസ്ഥാന കൃഷി വകുപ്പ് ഒരു ഡേറ്റാബേസ് ആയി സൂക്ഷിക്കണം. പഞ്ചായത്തു തലത്തിലോ ബ്ലോക്ക് തലത്തിലോ റബർ ഉൽപാദക സംഘങ്ങൾ (RPS) രൂപീകരിച്ച മാതൃകയിൽ "നെല്ലുൽപാദക സംഘങ്ങൾ" രൂപീകരിക്കണം. അപ്പോൾ അതേ പഞ്ചായത്തിലോ ബ്ലോക്കിലോ കൃഷി ചെയ്യുന്ന നെൽ വയലുകളുടെ കൃത്യമായ വിശദാംശങ്ങളും അതിൽനിന്നു പ്രതിവർഷം ഉൽപാദിപ്പിക്കുന്ന നെല്ലിന്റെ അളവും കൃത്യമായി കണക്കാക്കാനാകും. അതാതു പ്രദേശങ്ങളിലെ കൃഷി ഓഫീസർമാർ ഇത്തരം സ്ഥലങ്ങളിൽ നെൽകൃഷി ചെയ്യുന്നുണ്ടോ എന്ന് സ്ഥലം സന്ദർശിച്ച് ഉറപ്പുവരുത്തവുന്നതാണ്. എന്നുമാത്രമല്ല സംസ്ഥാനത്തിനു പുറത്തുനിന്നും നെല്ല് സംഭരിച്ച് സംസ്ഥാന നെൽസംഭരണത്തിൽ നൽകി സർക്കാർ പണം അടിച്ചുമാറ്റുന്നു എന്ന പരാതിയും ഒഴിവാക്കാം.

## മലയാളിയുടെ അരിയാകണം കേരളത്തിലെ നെൽകൃഷി

കേരളത്തിലെ ജനങ്ങൾ ഉപയോഗിക്കുന്ന അരി ഏതാണെന്നു മനസ്സിലാക്കി ആ അരിയുടെ നെല്ല് കൃഷിചെയ്യാൻ കേരളത്തിലെ നെൽവയലുകളെ ശാസ്ത്രീയമായി രൂപപ്പെടുത്തിയാൽ നിലവിൽ ഒരു കിലോ അരിയുടെ വില 60 രൂപയായ സ്ഥിതിയിൽ ലാഭനഷ്ടങ്ങളോ സബ്സിഡിയോ നൽകാതെ തന്നെ സംസ്ഥാനസർക്കാരിന് വിദഗ്ദ്ധ സമിതി നിർദ്ദേശിക്കുന്ന ഒരു കിലോ നെല്ലിന് 37.84 രൂപാ എന്ന താങ്ങുവില നൽകാനാകും. കാർഷികവിളകളുടെ കാലോചിതമായ ന്യായവില നിശ്ചയിക്കലും ആ ന്യായവിലയിൽ കാർഷിക ഉൽപന്നങ്ങൾ കൃഷിക്കാരിൽ നിന്നും നിയന്ത്രണങ്ങളില്ലാതെ തന്നെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ വിപണിയിലെത്തിക്കാനും സാധിക്കും എന്നു സർക്കാരിനു തെളിയിക്കാനുള്ള മേഖല തന്നെയാണ് നെല്ലുസംഭരണവും അരി നിർമ്മാണവും.

### നെൽകൃഷി വിദഗ്ദ്ധ സമിതി അംഗങ്ങൾ

| | |
|---|---|
| ജയിംസ് വടക്കൻ (ചെയർമാൻ)<br>(ഉള്ളടക്കത്തിന്റെ ഉത്തരവാദിത്വം) | 9497340829 |
| മുതലാംതോട് മണി (പാലക്കാട്) | 9447514180 |
| ജോയി കണ്ണംചിറ (കോഴിക്കോട്) | 9447125624 |
| അഡ്വ. കെ.വി. ബിജു (തൃശൂർ) | 9871368252 |
| അഡ്വ. ബിനോയി തോമസ് (കണ്ണൂർ) | 7907881125 |
| ബോണി ജേക്കബ് (കോഴിക്കോട്) | 9495617949 |
| ചാക്കപ്പൻ ആന്റണി (കുട്ടനാട്) | 9447107031 |

# കേരളത്തിൽ അരിയുടെ മരണമണി !

# അരിയാഹാരം കഴിക്കുന്ന മലയാളിയും സംസ്ഥാന വികസനകുതിപ്പും കേരള നെൽകർഷക പ്രതിസന്ധിയും

**നെൽകൃഷിയെ സംബന്ധിച്ച കർഷക വിദഗ്ദ്ധ സമിതി റിപ്പോർട്ട്**

**2023 ആഗസ്റ്റ് 17 (ചിങ്ങം 1)**